**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **11-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാല് ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകാവുന്ന തരത്തിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. 2022-23 സംരംഭകവർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭകവർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷംവരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭക വർഷം 2.0 എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 1 ലക്ഷം പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെട്ടു. തുടർച്ചയായ രണ്ടാംവർഷവും സംസ്ഥാനത്തു ഒരു ലക്ഷത്തിൽപ്പരം സംരംഭങ്ങൾ രൂപീകരിച്ചു കൊണ്ട് വ്യവസായ വകുപ്പ് അഭിമാന നേട്ടം കൈവരിച്ചു.<br><br>2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 13 വരെയുള്ള 348 ദിവസത്തെ കാലയളവിലാണ് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ എന്ന അഭിമാനകരമായ നേട്ടം കൈവരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6716 കോടി രൂപയുടെ നിക്ഷേപവും 2,09,877 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>2024 ജൂൺ 5 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ 2,49,059 പുതിയ സംരംഭങ്ങൾ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 15866.89 കോടി രൂപയുടെ നിക്ഷേപവും 5,30,019 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ബി) | നിക്ഷേപകരെ കണ്ടെത്താനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; ഇതിൻ പ്രകാരം എത്ര സംരംഭങ്ങൾ നാളിതുവരെയായി തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പി ക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.<br><br>1. വിവിധസർക്കാർവകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും1153 എന്റർപ്രൈസ് ഡെവലൊപ്മെന്റ് എക്സിക്യൂട്ടീവ് (EDE) മാരെനിയമിച്ചിട്ടുണ്ട്.<br><br>2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭക ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്.<br><br>3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. |

4. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

5. വ്യവസായവകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാവ്യവസായ കേന്ദ്രങ്ങളിലും **14** ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

6. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും**4%**പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി **(SLBC)** ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS**)** അവതരിപ്പിച്ചു.

7. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ -ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

8. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി **10** ഏക്കറിന് മുകളിൽ സ്ഥലവിസ്തൃതി കൈവശമുള്ള സ്വകാര്യമേഖലയിലുള്ള വ്യവസായികൾക്ക് വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകി തുടങ്ങി.

9. കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 പദ്ധതിയും 2023-2024 വർഷം ആരംഭിച്ചു. ആദ്യപടിയായി ഇതുവരെ 149 സംരംഭങ്ങളെ തിരഞ്ഞെടുക്കയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭകളിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു

10. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ)കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻവേണ്ടി MSME ഇൻഷുറൻസ് പദ്ധതിവ്യവസായവകുപ്പ് ആരംഭിച്ചു. ഇതുവരെ 2301 അപേക്ഷകൾ ലഭിക്കുകയും, 1089 അപേക്ഷകൾക്ക് അനുമതി നൽകുകയും ,822 അപേക്ഷകൾക്കുള്ള തുക വിതരണം ചെയ്യുകയും ചെയ്തു

11. വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതാത് തദ്ദേശസ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 400ൽപരം തദ്ദേശസ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തു കഴിഞ്ഞു.

12. കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ / നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾ/ സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "കേരളാബ്രാൻഡ്". ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്ത വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് "MADE IN KERALA" എന്ന സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചു കൊണ്ട് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തു ന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും.വെളിച്ചെണ്ണയാണ് കേരളബ്രാൻഡ് നൽകുന്നതിനുള്ള ആദ്യ ഉല്പന്നമായി തിരഞ്ഞെടുത്തത്. മറ്റു ഉത്പന്നങ്ങൾക്ക് കേരളം ബ്രാൻഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകുന്നതോടെ അവയ്ക്കും കേരളബ്രാൻഡ് നൽകുന്നതായിരിക്കും.

13. സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതി നായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചു.

നിലവിൽ ഇതുവരെ 2,49,059 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2024 ജൂൺ 5 വരെയുള്ള കണക്ക് പ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും, നിക്ഷേപവും അതുവഴി ഉണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| **ജില്ല** | **തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം** | **നിക്ഷേപം കോടി രൂപയിൽ** | **തൊഴിലവസരങ്ങ** |
|---|---|---|---|
| തിരുവനന്തപുരം | 24646 | 1366.41 | 49676 |
| കൊല്ലം | 21032 | 1176.14 | 43118 |
| പത്തനംതിട്ട | 9473 | 469.66 | 19076 |
| ആലപ്പുഴ | 18148 | 991.77 | 36690 |
| കോട്ടയം | 14580 | 879.46 | 29469 |
| ഇടുക്കി | 7858 | 504.34 | 16577 |
| എറണാകുളം | 24900 | 2214.78 | 59974 |
| തൃശ്ശൂർ | 24038 | 1377.72 | 49910 |
| പാലക്കാട് | 22279 | 1331.01 | 49011 |
| മലപ്പുറം | 23136 | 1599.35 | 53634 |
| കോഴിക്കോട് | 22956 | 1604.68 | 49384 |
| വയനാട് | 6966 | 473.14 | 14836 |
| കണ്ണൂർ | 19934 | 1248.4 | 40351 |
| കാസർഗോഡ് | 9113 | 630.03 | 18313 |
| **ആകെ** | **249059** | **15866.89** | **530019** |

(സി) സംരംഭങ്ങൾക്ക് കാലതാമസം കൂടാതെ അനുമതി ലഭിക്കാനും വ്യവസായം ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആയത് സംബന്ധിച്ച് പരാതി ഉയരുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(സി) ഉണ്ട്. 1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ വ്യവസായങ്ങൾക്കായുള്ള ഏകജാലക ലൈസൻസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. 2018-ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട് എന്നിവ വഴി ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന ഏകജാലക ക്ളിയറൻസ് ബോർഡും, ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ഏകജാലക ക്ളിയറൻസ് ബോർഡുകളും നിലവിലുണ്ട്. 15 കോടിയുടെ നിക്ഷേപം വരുന്ന പദ്ധതികൾ തുടങ്ങുന്നവർക്ക് ജില്ലാ ബോർഡിനെയും അതിനുമുകളിൽ നിക്ഷേപം വരുന്ന പദ്ധതികൾ ആരംഭിക്കുന്നതിനു സംസ്ഥാന ബോർഡിനെയും ആണ് സമീപിക്കേണ്ടത്. ഇവ കൂടാതെ വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലീയറൻസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം സംരംഭകരെ സഹായിക്കുന്നു. അനുമതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് KSWIFT പോർട്ടലും പ്രവർത്തനസജ്ജമാണ്.

ഫയർ ആൻഡ് റസ്ക്യൂ, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ്, തദ്ദേശസ്വയംഭരണവകുപ്പ്, മുനിസിപ്പാലിറ്റി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സംസ്ഥാന വൈദ്യുതി ബോർഡ്, കേരളാ വാട്ടർ അതോറിറ്റി, ഭൂഗർഭജല വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, നഗരാസൂത്രണം, മൈനിങ്ങ് ആൻഡ് ജിയോളജി, വനംവകുപ്പ്, ജില്ലാമെഡിക്കൽ ഓഫീസർ, തൊഴിൽ വകുപ്പ്,

| | | | |
|---|---|---|---|
| | | | നഗര വികസന അതോറിറ്റി, ജി.എസ്.ടി വകുപ്പ്, ടൂറിസംവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, എന്നീ വകുപ്പുകൾ ഈ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം ആണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ലൈസൻസും അനുബന്ധ അനുമതിയും ലഭിക്കുന്ന വിഷയത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ